കെട്ടിടം നിർമ്മിക്കുന്നതിന് ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയർ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡ് എന്നീ കേന്ദ്ര ഏജൻസികൾ തയ്യാറാക്കിയ 38.63 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റുകൾ നബാർഡിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* നബാർഡിൽ നിന്നും അംഗീകാരം ലഭ്യമായിട്ടില്ല.

കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം

27 (474) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴൂർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതു സംബന്ധമായി വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പുതിയ ബ്ലോക്കിലെ ഗ്രൗണ്ട് ഫ്ളോറിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും സെപ്റ്റിക് ടാങ്കിന്റെയും വേസ്റ്റ് പിറ്റിന്റേയും പണി പൂർത്തികരിക്കാത്തതിനാൽ പുതിയ ബ്ലോക്ക് ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഫണ്ടിന്റെ ലഭ്യത കുറവുമൂലം രണ്ടു നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇതുവരെ 51.2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഐരാണിമുട്ടത്തെ അലോപ്പതി ആശുപത്രി കെട്ടിടനിർമ്മാണം

28 (476) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഐരാണിമുട്ടത്തെ അലോപ്പതി ആശുപത്രിക്ക് 100 കിടക്കകളോടുകൂടിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് എന്നാണ് അനുമതി ലഭ്യമായതെന്ന് അറിയിക്കുമോ ;

(ബി) ഈ നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയുടെ ഒ.പി. ബ്ലോക്ക് കെട്ടിട നിർമ്മാണം

29 (477) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly